പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2268 16.8.2017 -ൽ മറുപടിയ്ക്ക്

**ബി.ആർ.ഡി.സി യുടെ കൈവശമുള്ള റിസോർട്ടുകൾ**

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി). | |
|---|---|---|---|
| എ) | ബി.ആർ.ഡി.സി (ബേക്കൽ റിസോർട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ) യുടെ കൈവശം നിലവിൽ എത്ര റിസോർട്ടുകളാണുള്ളത്; | എ) | ബി.ആർ.ഡി.സി യുടെ കൈവശം 6 (ആറ്) റിസോർട്ട് സൈറ്റുകളാണുള്ളത് |
| ബി) | ഈ റിസോർട്ടുകൾ ആർക്കൊക്കെയാണ് പാട്ടത്തിനു നൽകിയിട്ടുള്ളതെന്നും പാട്ടത്തുക എത്രയാണെന്നും തരംതിരിച്ച് വിശദമാക്കാമോ; | ബി) | 1. സൈറ്റ് നം. 1- ജോയ്സ് എന്റർപ്രൈസസ് - 34,00,000/- രൂപ<br>2. സൈറ്റ് നം.2 – ഗ്രീൻ ഗേറ്റ് വേ ലിഷർ ലിമിറ്റഡ് -92,01,211/- രൂപ<br>3. സൈറ്റ് നം.4 -ഗ്ലോബ് ലിങ്ക് ഹോട്ടൽസ് & എന്റർടെയ്ൻമെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് - 44,70,165/- രൂപ<br>4. സൈറ്റ് നം.5 -ഖന്ന ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ് - 69,72,797/- രൂപ<br>5. സൈറ്റ് നം.6 – ഭാരത് ഹോട്ടൽസ് ലിമിറ്റഡ് - 70,68,936/- രൂപ<br>6. സൈറ്റ് നം. 7 -ഹോളിഡേ ബേക്കൽ റിസോർട്സ് പ്രൈവറ്റ് ലിമിറ്റഡ് - 73,16,128- രൂപ |
| സി) | നിലവിൽ എത്ര റിസോർട്ടുകളുടെ പണി പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്എന്ന് വ്യക്തമാക്കാമോ; | സി) | നിലവിൽ 2 റിസോർട്ടുകൾ ( വിവന്താ ബൈ താജ് ബേക്കൽ, ലളിത് റിസോർട്ട്സ് & സ്പാ ബേക്കൽ) എന്നിവ പണി പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. |
| ഡി) | ബാക്കിയുള്ളവ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങാതിരിക്കാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ഡി) | സൈറ്റ് നം 1 നൽകിയിട്ടുള്ള ജോയ്സ് എന്റർപ്രൈസസ് നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് തീരദേശ പരിപാലന നിയമ പ്രകാരം സ്ഥല ലഭ്യത കുറവായതിനാൽ സ്ഥലം തിരിച്ച് ബി. ആർ. ഡി. സി. ക്ക് കൈമാറുവാൻ അനുമതി ചോദിച്ചിരിക്കുകയാണ്. ബാക്കിയുള്ളവയുടെ നിർമാണ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലാണ്. |
| ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലീസ് ഇനത്തിൽ ബി.ആർ.ഡി.സി ക്ക് ലഭിക്കാനുള്ള കടിശ്ശിക, പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | ഇ) | ഈ സർക്കാർ വന്നതിനു ശേഷം റിസോർട്ടുടമകളുമായി മീറ്റിങ്ങ് കൂട്ടുകയും പാട്ടത്തുക അടയ്ക്കുന്നതിനായി നിർദ്ദേശം നൽകുകയും നോട്ടീസുകൾ അയക്കുകയും ചെയ്തിട്ടുണ്ട് പ്രവർത്തന ക്ഷമമായ രണ്ടു റിസോർട്ടുകളും പാട്ട തുക അടച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ